"ഭരണഭാഷ മാതൃഭാഷ"

# കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

വെബ്സൈറ്റ് : www.agriworkersfund.org

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം**

കാഞ്ഞാണിറോഡ്, എസ്.എൻ. പാർക്ക്

അയ്യന്തോൾ, പിൻ -680004.

ഫോൺ - 0487-2386871

**ഇ-മെയിൽ** - agri.worker@gmail.com

നം.4400/എ 2/2016 തീയതി :14.01.2026

## പരിപത്രം 1/2026

വിഷയം:- കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്- അംശാദായം അടവാക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അംശാദായ കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുന:സ്ഥാപിക്കുന്നതിനുള്ള അവസരം കാലാവധി ദീർഘിപ്പിച്ചത് ഭേദഗതി വരുത്തി ഉത്തരവായത് സംബന്ധിച്ച്.

സൂചന:- (1) 03.01.2026-ലെ സ.ഉ.(സാധാ) നം.11/2026/LBR ഉത്തരവ്.
(2) 14.01.2026-ലെ സ.ഉ.(സാധാ) നം.48/2026/LBR ഉത്തരവ്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കുള്ള അംശാദായം 24 മാസത്തിലധികം കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അംശാദായ കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുന:സ്ഥാപിക്കുന്നതിന് സൂചന (1) ഉത്തരവ് തീയതി വരെ 10 വർഷം എന്ന കാലപരിധി നിശ്ചയിച്ചുകൊണ്ട് പ്രസ്തുത ഉത്തരവിലെ 3-ാം ഖണ്ഡികയിലെ '11.12.2025 തീയതി മുതൽ ഒരു മാസം കൂടി' എന്നത് 'ഉത്തരവ് തീയതി മുതൽ ഒരു മാസം കൂടി'എന്ന് ഭേദഗതി വരുത്തി സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

സൂചന (1), (2) ഉത്തരവുകൾ പ്രകാരം, **2015 സെപ്റ്റംബർ മാസം മുതൽക്കുള്ള 10 വർഷ കാലപരിധിയ്ക്കുള്ളിൽ** ബോർഡിലേയ്ക്കുള്ള അംശാദായം 24 മാസത്തിലധികം കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അംശാദായ കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുന:സ്ഥാപിക്കുന്നതിനുള്ള കാലപരിധിയായി **03.01.2026 മുതൽ 02.02.2026 വരെ 1 മാസത്തെ** സമയം **അവസാനമായി** അനുവദിച്ച് പുനരുത്തരവാകുന്നു. **ഇനി ഒരിയ്ക്കൽ കൂടി ഇത്തരത്തിൽ അംഗത്വം പുന:സ്ഥാപിക്കുന്നതിനുള്ള അവസരം ബോർഡിൽ ഉണ്ടായിരിക്കുന്നതല്ല.**

കുടിശ്ശിക വരുത്തിയ ഓരോ വർഷത്തിനും 10/-രൂപ (പത്ത് രൂപ മാത്രം) നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. എന്നാൽ ഇതിനകം 60 വയസ്സ് പൂർത്തിയാക്കിയ തൊഴിലാളികൾക്ക് കുടിശ്ശിക അടക്കുന്നതിനും അംഗത്വം പുന:സ്ഥാപിക്കുന്നതിനും അവസരം ഉണ്ടായിരിക്കുന്നതല്ല. ബോർഡിന്റെ സോഫ്റ്റ്വെയറിൽ കുടിശ്ശിക നിവാരണ ഡാറ്റാ കൃത്യമായി രേഖപ്പെടുത്തേണ്ടതും അംഗത്തിന്റെ പ്രൊഫൈൽ വിവരങ്ങൾ പൂർത്തീകരിക്കേണ്ടതുമാണ്. കുടിശ്ശിക നിവാരണത്തിനായി പ്രത്യേക സിറ്റിംഗുകൾ ഷെഡ്യൂൾ ചെയ്ത് നടപ്പിലാക്കേണ്ടതാണ്. കുടിശ്ശിക നിവാരണത്തിലൂടെ അംഗത്വം പുന:സ്ഥാപിക്കുന്ന അംഗങ്ങൾക്ക് കുടിശ്ശിക കാലഘട്ടത്തിൽ അവർക്കുണ്ടായിരുന്ന പ്രസവം, വിവാഹം,

ചികിത്സ, വിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ അവാർഡ് തുടങ്ങിയ ക്ഷേമാനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

ഈ ഉത്തരവിന് ദൃശ്യ-ശ്രവണ - വാർത്താ മാധ്യമങ്ങൾ വഴി മതിയായ പ്രചാരണം നൽകേണ്ടതും കർഷക തൊഴിലാളികളേയും വിവിധ സംഘടനാ പ്രതിനിധികളേയും അറിയിക്കേണ്ടതുമാണ്.

**കെ.എസ്.മുഹമ്മദ് സിയാദ്**
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

സ്വീകർത്താവ്:-

എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.